"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി - കോട്ടയം ചങ്ങനാശ്ശേരി നിയോജക മണ്ഡലം - **'കുറിച്ചി ഗ്രാമപഞ്ചായത്ത് വാർഡ് 3 ലെ കോയിത്രുമുക്ക് - ചന്ദ്രത്തിൽപ്പടി റോഡ് നിർമ്മാണം'** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.601/2026/LSGD തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.02.2026-ലെ LSGD/PD/37652/2025-EW6-നമ്പർ കത്ത്.

ഉത്തരവ്

2025-26 വർഷത്തെ സംസ്ഥാന ബജറ്റ് അനുബന്ധം II, വാല്യം II, ക്രമനമ്പർ 2185 ആയി 45 ലക്ഷം രൂപയ്ക്ക ഉൾപ്പെത്തിയ ചങ്ങനാശ്ശേരി നിയോജക മണ്ഡലം-**കുറിച്ചി ഗ്രാമപഞ്ചായത്ത് വാർഡ് 3 ലെ കോയിത്രുമുക്ക് ചന്ദ്രത്തിൽപ്പടി റോഡ് നിർമ്മാണം** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശിത കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2025 -2026 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II -ൽ ക്രമ നമ്പർ.2185 ആയി 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്ന ചങ്ങനാശ്ശേരി നിയോജകമണ്ഡലം '**കുറിച്ചി പഞ്ചായത്ത് വാർഡ് 3-ലെ കോയിത്രുമുക്ക് ചന്ദ്രത്തിൽപ്പടി റോഡ് നിർമ്മാണം**' പ്രവൃത്തിക്ക് 45 ലക്ഷം രൂപയുടെ (നാൽപ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് '4515-00-800-92(NP)' എന്ന ശീർഷകത്തിൽ അഡിഷണൽ പ്രൊവിഷനിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.(E:3415744/DEV-3/51/2026-Fin dated 28.02.2026) (AS/LGD/25/49474)

ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

കരുതൽ ഫയൽ. (DB2/112/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 06-03-2026 12:30:30

സെക്ഷൻ ഓഫീസർ